**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2293** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഖരമാലിന്യസംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഖരമാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ശുചിത്വ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ ഒക്ടോബർ 2ന് പ്രഖ്യാപിച്ച മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സമാപിക്കുന്ന 2025 മാർച്ച് 30-നകം സമ്പൂർണ്ണ മാലിന്യ സംസ്കരണത്തിനായുള്ള സംവിധാനങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു വരുന്നു. അത് കൂടാതെ ശുചിത്വ മാനദണ്ഡങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങളും സംവിധാനങ്ങളും വിലയിരുത്തി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും കീഴിലുള്ള ടൗണുകൾ, റെസിഡൻഷ്യൽ ഏരിയകൾ, സ്കൂളുകൾ, അയൽക്കൂട്ടങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവയെ ഗ്രേഡ് ചെയ്തു ശുചിത്വ പ്രഖ്യാപനം നടത്തുന്നതിനുള്ള പ്രവർത്തിയും നടന്നു വരുന്നു.<br><br>ഹരിതമിത്രം ആപ്പിലൂടെ ലഭ്യമായ സെപ്റ്റംബർ മാസത്തെ വിവരങ്ങൾ പ്രകാരം 99-100% വാതിൽപ്പടി ശേഖരണം നടത്തുന്ന 250 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 75-90% വാതിൽപ്പടി ശേഖരണം നടത്തുന്ന 416 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 50-75% വാതിൽപ്പടി ശേഖരണം നടത്തുന്ന 222 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ് ഉള്ളത്. സംസ്ഥാനത്ത് പാഴ്വസ്തു ശേഖരിച്ച് സൂക്ഷിക്കുന്നതിനായി 1209 MCF കളും, 18507 മിനി MCF കളും 142 RRF കളും സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു. |
| (ബി) | സംസ്ഥാനത്ത് വിവിധ തദ്ദേശ സ്ഥാപനങ്ങളിലായി എത്ര ടൺ ഖരമാലിന്യങ്ങളാണ് നിലവിൽ സംസ്കരിച്ചു വരുന്നതെന്ന് അറിയിക്കാമോ? | (ബി) | നിലവിൽ 10134 TPD മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ